*ശ്രീ. ഷിബു ബേബി ജോൺ:* ഇതുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്. 2002 ജൂൺ മാസത്തിൽ ഒരു അൺസ്റ്റാർഡ് ക്വസ്റ്റ്യൻ എഴുതിക്കൊടുത്തു. അതിന് കഴിഞ്ഞയാഴ്ചയാണ് മറുപടി കിട്ടുന്നത്. മൂന്ന് വർഷത്തിനുശേഷമാണ് ഒരു മറുപടി കിട്ടുന്നത്. ഇതൊരു അവഹേളനമല്ലേ?

*ശ്രീ. കെ. പി. രാജേന്ദ്രൻ:* ശ്രീ. ഷിബു ബേബി ജോൺ പറഞ്ഞ അതേയനുഭവം എനിക്കുമുണ്ടായിട്ടുണ്ട്. ഇങ്ങനെ രണ്ട് വർഷം കഴിഞ്ഞ് കിട്ടുന്ന ഉത്തരവും വ്യക്തതയോടും പൂർണ്ണതയോടുമല്ല കിട്ടുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അങ്ങനെയാണെന്ന് പറയുന്ന കമന്റ് വേണ്ട. അന്ന് പല മന്ത്രിമാരും അൺസ്റ്റാർഡ് ക്വസ്റ്റ്യന് മുഴുവൻ മറുപടി പറഞ്ഞ നിരവധി ദിവസങ്ങളുണ്ട്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സഭ തുടങ്ങിയ ആദ്യത്തെ ദിവസംതന്നെ ചോദിച്ച ചോദ്യങ്ങൾക്കും അടുത്ത അങ്ങയുടെ റൗണ്ടിൽ ചോദിച്ച ചോദ്യങ്ങൾക്കും ഇതുവരെ ഉത്തരം കിട്ടിയില്ല.

## (b) റൂളിംഗ്

*മി. സ്പീക്കർ:* ചെയറിന്റെ അഭിപ്രായം വളരെ വ്യക്തമായി പറയാം. ഇത് ഇന്നത്തെ ഗവൺമെന്റിന്റെ കാലത്തോ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തോ ഉണ്ടായ പ്രശ്നമല്ല. നിയമസഭാ സാമാജികനെന്ന നിലയ്ക്ക് എന്റെ അറിവനുസരിച്ച് ഒരു കാലഘട്ടംവരെ വളരെയധികം ചോദ്യങ്ങൾ മെമ്പർമാർക്ക് ചോദിക്കാനുള്ള അവസരമുണ്ടായിരുന്നു. പിന്നെ എല്ലാ കാര്യങ്ങളും പരിഗണിച്ച് അതിന്റെ പ്രായോഗിക ബുദ്ധിമുട്ട് മനസ്സിലാക്കി ചോദ്യങ്ങളുടെ എണ്ണം നിയന്ത്രിച്ചു. അപ്പോൾ കൃത്യമായ മറുപടി കൊടുക്കാനുള്ള ബാദ്ധ്യത സർക്കാരിനുണ്ട്. പക്ഷേ, ക്രമേണ ക്രമേണ അംഗങ്ങൾക്ക് ചോദ്യം ചോദിക്കാനുള്ള അവകാശം കുറഞ്ഞു കുറഞ്ഞു വരികയും ഉത്തരം കൊടുക്കാനുള്ള ബാദ്ധ്യതയിൽ വേണ്ടത്ര ശ്രദ്ധിക്കാത്ത ഒരു സ്ഥിതി വരികയും ചെയ്തു. ഇത് ഇന്നും ഇന്നലെയും ഉണ്ടായ സംഭവമല്ല. ഇത് വളരെ ഗൗരവതരമായ കാര്യം തന്നെയാണ്. പിന്നെ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് മോണിറ്റർ ചെയ്യുകയെന്നുപറയുന്നത് പ്രാക്ടിക്കലായി ബുദ്ധിമുട്ടാണ്. കാരണം ഇപ്പോൾത്തന്നെ നിങ്ങൾക്കറിയാം, കുറച്ച് ദിവസങ്ങൾക്കുള്ളിൽ ലെജിസ്ലേച്ചറിന് വളരെയധികം കാര്യങ്ങൾ ചെയ്യാനുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, കർശനമായ ഒരു നിർദ്ദേശം എല്ലാ വകുപ്പുകൾക്കും കൊടുക്കണം. ശേഖരിച്ചുവരുന്ന വിവരങ്ങൾ സമയബന്ധിതമായി കൊടുക്കാനുള്ള ഉറപ്പ് വരുത്തണം. പിന്നെ എല്ലാപേരും അംഗീകരിക്കുകയാണെങ്കിൽ Papers laid on the Table എന്ന കമ്മിറ്റിയുണ്ട്. അവർക്കിത് മോണിറ്റർ ചെയ്യാൻ വിരോധമില്ലെങ്കിൽ തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, ഗവൺമെന്റിന് കിട്ടാവുന്ന എല്ലാ വിവരങ്ങളും നൽകുന്നതിന് യാതൊരു മടിയുമില്ല. ഗവൺമെന്റ് ഒന്നും മറച്ചുവയ്ക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, നിശ്ചിത സമയപരിധിക്കുള്ളിലൊന്നും ലഭ്യമല്ലാത്ത രീതിയിലുള്ള ചില കാര്യങ്ങൾ ചോദിക്കുമ്പോൾ ചില ബുദ്ധിമുട്ടുകൾ വരുന്ന സമയത്താണ് വിവരം ശേഖരിച്ചുവരുന്നുയെന്നുള്ള മറുപടി കൊടുക്കുന്നത്. ഈ മറുപടികൾ സമയബന്ധിതമായി കൊടുക്കാൻ ഗവൺമെന്റ് ശ്രമിക്കും. ഗവൺമെന്റിന് ചില പ്രശ്നങ്ങളുണ്ട്. അത് ഈ സഭയിൽ പറയാൻ പറ്റാത്തതുകൊണ്ട് ഞാൻ അങ്ങയോട് നേരിട്ട് സംസാരിക്കാനിരിക്കുകയാണ്. ചില ചോദ്യങ്ങൾക്ക് ഉത്തരം തരുന്നതിൽ ഗവൺമെന്റ് ഇന്ന് നേരിടുന്ന ചില പ്രശ്നങ്ങളുണ്ട്. അത് ഞാൻ അങ്ങയോട് നേരിട്ട് പറയുന്നതാണ്. ........(ബഹളം)..................

*മി. സ്പീക്കർ*: പ്ളീസ്, ശ്രീ. പി. സി. ജോർജ് ഇരിക്കണം.......മന്ത്രിമാർക്ക് മറുപടി പറയാൻ സമയം കൊടുക്കും. എനിക്ക് ഒരു മന്ത്രിയോട് ഉത്തരം പറയണമെന്ന് compel ചെയ്യാൻ പറ്റുകയില്ല. I can not compel, please take your seat.

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: എന്തിനാണ് ക്ഷോഭിക്കുന്നത്? ബഹുമാനപ്പെട്ട മെമ്പറുടെ 3153-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നൽകുന്നതിന് ബന്ധപ്പെട്ട ഫയൽ കിട്ടാൻ കുറച്ച് താമസം നേരിട്ടു. പ്രസ്തുത ചോദ്യത്തിനുള്ള മറുപടി നിയമസഭാസെക്രട്ടേറിയറ്റിൽ എത്തിച്ചിട്ടുണ്ട്. അങ്ങേക്ക് പോസ്റ്റൽ വഴിയും മറുപടി അയച്ചിട്ടുണ്ട്.

# VII. റിപ്പോർട്ട് സമർപ്പണം

## കാര്യോപദേശക സമിതിയുടെ 27-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, കാര്യോപദേശക സമിതിയംഗവും സഭാനേതാവുമായ ഞാൻ സമിതിയുടെ ഇരുപത്തിയേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

*മി. സ്പീക്കർ:* റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VIII. റിപ്പോർട്ട് പരിഗണന

## കാര്യോപദേശക സമിതിയുടെ ഇരുപത്തിയേഴാമത് റിപ്പോർട്ട്

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: കാര്യോപദേശക സമിതിയുടെ ഇരുപത്തിയേഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

*മി. സ്പീക്കർ* : റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly